## വി. മൊയ്തീൻ



**വയനാട്** ജില്ലയിൽ പിണങ്ങോട്ടെ ആദ്യകാല പ്രസ്ഥാന പ്രവർത്തകനായിരുന്നു വെങ്ങളത്ത് മൊയ്തീൻ സാഹിബ്.

ദീർഘകാലം അൽ മദ്റസത്തുൽഇസ്ലാമിയ്യയിലെ അധ്യാപകനായിരുന്ന അദ്ദേഹം നാട്ടുകാർക്ക് 'മൊയ്തീൻ ഉസ്താദ്' ആയിരുന്നു. ജില്ലയിൽ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച നാളുകളിൽതന്നെ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു. ശ്രവണ മധുരവും ഗാംഭീര്യം തുളുമ്പുന്നതുമായ ഖുർആൻ പാരായണത്തിന്റെ ഉടമയായിരുന്നു. തജ്വീദിലും ഖുർആൻ അർഥം പറയുന്നതിലും പുതിയ തലമുറക്ക് സംഭവിക്കുന്ന പിഴവുകൾ സ്നേഹബുദ്ധ്യാ തിരുത്തുമായിരുന്നു. മർഹൂം കെ. മൊയ്തു മൗലവി, കെ. അബ്ദുസ്സലാം മൗലവി തുടങ്ങിയവരോടൊപ്പം ജില്ലയിലങ്ങോളമിങ്ങോളം കാൽനടയായി സ്ക്വാഡ് പ്രവർത്തനങ്ങളിൽ പങ്കുകൊണ്ടിരുന്നു.

**ഒ. അശ്റഫ് പിണങ്ങോട്**

## എം.കെ പക്ക്യ



**ജമാഅത്തെ** ഇസ്ലാമി സംസ്ഥാന സെക്രട്ടറി എം.കെ മുഹമ്മദലി സാഹിബിന്റെ പിതാവും ആദ്യകാല പ്രസ്ഥാന പ്രവർത്തകനുമായ എം.കെ പക്ക്യ സാഹിബ് അല്ലാഹുവിങ്കലേക്ക് യാത്രയായി.

1950കളുടെ ആദ്യത്തിൽ ശിവപുരത്ത് പ്രസ്ഥാനം കടന്നുവന്ന കാലത്തു തന്നെ അതിൽ അണിചേർന്ന പ്രവർത്തകനായിരുന്നു അദ്ദേഹം. പ്രസ്ഥാനം ഏൽപിക്കുന്ന ഉത്തരവാദിത്വങ്ങൾ സസന്തോഷം ഏറ്റെടുക്കും.

ജമാഅത്തിന് ഒരു പ്രാദേശിക ആസ്ഥാനം നിർമിക്കുന്നതിനുവേണ്ടി സ്വന്തം സ്ഥലം വിറ്റ പണം നൽകി അദ്ദേഹം സഹായിക്കുകയുണ്ടായി. മക്കൾ: എം.കെ മുഹമ്മദലി, കെ.പി അബ്ദുല്ല (*മാധ്യമം*), അബ്ദുൽ മജീദ്, ഹാശിം (ഇരുവരും റിയാദ്), അബ്ദുശ്ശുക്കൂർ (പ്രസിഡന്റ് എസ്.ഐ.ഒ ബത്തേരി ഏരിയ). എല്ലാവരും പ്രസ്ഥാന പ്രവർത്തകരാണ്.

**കെ.ടി ഹുസൈൻ ശിവപുരം**

## അബ്ദുൽ ജലീൽ



**കോഴിക്കോട്** വെള്ളിപ്പറമ്പ് കാർകുൻ ഹൽഖയിലെ പ്രവർത്തകനായിരുന്ന അബ്ദുൽ ജലീൽ (45) ചെറുപ്പം മുതലേ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു.

മുൻകൂട്ടി അറിയിച്ചില്ലെങ്കിലും ഖുർആൻ ക്ലാസ്സുകൾ എടുക്കാനുള്ള അറിവും വാക്ചാതുരിയും അദ്ദേഹത്തിനുണ്ടായിരുന്നു. നല്ല കൈയക്ഷരത്തിന്റെ ഉടമയായ ജലീൽ, വൃത്തിയായും ഭംഗിയായും ബോർഡുകളും പോസ്റ്ററുകളുമെഴുതി പ്രസ്ഥാനത്തെ ജനങ്ങൾക്ക് പരിചയപ്പെടുത്തി.

മജ്ലിസിൽ ജോലിക്കാരനായിരുന്നു. ഭാര്യയും രണ്ട് കുട്ടികളുമുണ്ട്. ശിവപുരം അബ്ദുർറഹ്മാൻ മൗലവിയുടെ മകൾ മുംതാസാണ് ഭാര്യ.

**പ്രഫ. പി.എൻ ഇമ്പിച്ചിക്കോയ**
**വെള്ളിപ്പറമ്പ്**

## മുഹമ്മദ് നവീദ്



**കണ്ണൂർ** വളപട്ടണം പൊയ്ത്തുംകടവ് സ്വദേശി തളാപ്പുറത്ത് മുഹമ്മദ് നവീദ് (18) ബൈക്കപകടത്തിൽ മരണപ്പെട്ടു. നവീദ് ഫറോക്ക് ഇർശാദിയാ കോളേജിലെ എ.ഐ.സി മൂന്നാം വർഷ വിദ്യാർഥിയായിരുന്നു.

കഴിഞ്ഞ ഒന്നുരണ്ട് മാസങ്ങളായി എസ്.ഐ.ഒ അംഗത്വത്തിന് പുസ്തക പാരായണത്തിലായിരുന്നു. പിതാവിന്റെ കൂടെ ഖത്തറിൽ പോകുമ്പോഴും അവിടത്തെ ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചു.

ഖബ്റടക്കം നടന്ന വളപട്ടണം മന്ന ജുമാ മസ്ജിദിൽ വൻ ജനസാന്നിധ്യമുണ്ടായിരുന്നു. ജമാഅത്തെ ഇസ്ലാമി പ്രവർത്തകനായ ഖത്തറിലെ കെ.എൻ കുഞ്ഞാമുവിന്റെയും തളാപ്പുറത്ത് സീനത്തിന്റെയും മകനാണ്. സഹോദരിമാർ: നദീറ (ഫറോക്ക് ഇർശാദിയാ കോളേജ്), നഹല (വളപട്ടണം താജുൽ ഉലൂം നഴ്സറി സ്കൂൾ).

**പി.ബി.എം ഫർമീസ്**